പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം. 3060

20.12.2012-ലെ മറുപടിക്ക്

ഭക്ഷ്യ വസ്തുക്കളിലെ മായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനായി എന്ത് സംവിധാനമാണ് നിലവിലുള്ളത്; പ്രസ്തുത സംവിധാനം കാര്യക്ഷമമാണോ; മായമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ) | മായം ചേർക്കൽ നിരോധന നിയമം 1954 -ന് പകരമായി രാജ്യമൊട്ടാകെ 2011 ആഗസ്റ്റ് 5 മുതൽ നിലവിൽ വന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമമാണ് ഇപ്പോൾ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനായി നിലവിലുള്ളത്. ഈ നിയമപ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ ജില്ലാ തലത്തിൽ ഫുഡ് സേഫ്റ്റി ഡെസിഗ്നേറ്റഡ് ഓഫീസർമാരും അവർക്കു കീഴിൽ സർക്കിൾ /കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 3 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ഫുഡ് സേഫ്റ്റി ഓഫീസർമാർ എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനു വേണ്ടി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും ഫുഡ് അനലിസ്റ്റ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മായം ചേർക്കൽ നിരോധന വിഭാഗത്തിലെ ഉദ്യോഗസ്ഥരെയാണ് ഭക്ഷ്യ സുരക്ഷാ |

ഗുണനിലവാര നിയമം നടപ്പാക്കുന്നതിനു വേണ്ടി കമ്മീഷണറുടെ കീഴിലേക്ക് മാറ്റിയത്. കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഈ വിഭാഗത്തിനെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

ഈ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ ശുചിത്വമില്ലാതെ പ്രവർത്തിച്ചതിനും മറ്റു നിയമലംഘനങ്ങൾക്കും 696 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും ₹18,48,000 കോമ്പൗണ്ട് ചെയ്യുകയും ഗുരുതരമായ നിയമലംഘനം ശ്രദ്ധിക്കപ്പെട്ട 73 സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തനം നിഷേധിച്ച ഹോട്ടലുകളിൽ ഡെപ്യൂട്ടി കളക്ടർ, ഡി.എം.ഒ.യുടെ പ്രതിനിധി ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർ അടങ്ങുന്ന multi disciplinary committee പരിശോധന നടത്തിയ ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളൂ. രണ്ടാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ 2198 സ്ഥാപനങ്ങൾ പരിശോധിക്കുകയും അതിൽ 1289 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു.

ബി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വിറ്റതിന് 2012 മേയ് മാസം 1 മുതൽ നവംബർ 30 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് എടുത്തത്; വിശദാംശം ലഭ്യമാക്കുമോ?

ബി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ട നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. ഇതിന്റെ ഭാഗമായി ഒരു EEE (Evaluation, Edcuation, Enforcement) പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ആദ്യ ഘട്ടത്തിലുള്ള ഇവാലുവേഷനും എഡ്യൂക്കേഷനും കഴിഞ്ഞ് സ്റ്റാറ്റ്യൂട്ടറി സാമ്പിളിംഗ് ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് നടപടി ക്രമങ്ങൾക്ക് തുടക്കമാകുന്നതേയുള്ളൂ. അതിനാൽ തന്നെ കൂടുതൽ ക്രിമിനൽ കേസുകൾ വ്യാപാരികൾക്കെതിരെ സ്വീകരിച്ചിട്ടില്ല. ഫൈൻ ഈടാക്കുന്നതു പോലെയുള്ള ചെറിയ ശിക്ഷാ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. ഇപ്രകാരം നവംബർ മാസംവരെ

₹18.48,000/- കോമ്പൗണ്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഷവർമ്മ കഴിച്ച ഭക്ഷ്യ വിഷബാധയുണ്ടായ ഹോട്ടൽ ഉടമയ്ക്കെതിരെയും Maa . എന്ന മാങ്കോ ജ്യൂസ് ബോട്ടിലിൽ ചത്ത പ്രാണിയെ കണ്ട സംഭവത്തിലും ക്രിമിനൽ കേസ് എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ